81 w
2339

കേരള സർക്കാർ

# എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഭരണ റിപ്പോർട്ട്

## 1986-87

എറണാകുളം ഗവൺമെന്റ് പ്രസ്സിൽനിന്നും ഗവൺമെന്റ്
പ്രസ്സുകളുടെ സൂപ്രണ്ടിനാൽ അച്ചടിപ്പിക്കപ്പെട്ടത്
1987

# എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ ഭരണ റിപ്പോർട്ട്

## 1986-87

68/372—1

©

**കേരള സർക്കാർ**

**1987**

## ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

**ജി. ഒ. ആർ. ടി. നമ്പർ 514/87/പ്ലാനിംഗ് തീയതി, തിരുവനന്തപുരം. 6–6–1987.**

സംഗ്രഹം.—എക്കണോമിക്സ് ആൻറ് സ്ററാറ്റിസ്റ്റിക്സ് വകുപ്പ് 1986–87-ലെ ഭരണ റിപ്പോർട്ട്—പ്രത്യവലോകനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം.—12–3–1987-ലെ എക്കണോമിക്സ് ആൻറ് സ്റ്റാററിസ്റ്റിക്സ് വകുപ്പ് ഡയറക്ടറുടെ പി. ഡി. 1-235301/86/ഡി. ഇ. എസ്-ാം നമ്പർ കുറിപ്പ്.

### ഉത്തരവ്

1. രേഖപ്പെടുത്തി.

2. റിപ്പോർട്ടുവർഷത്തിൽ 30–9–1986 വരെ ശ്രീ. എൻ. ജോർജ്ജ്ജോണും 1–10–1986 മുതൽ ശ്രീ.കെ.ബാലകൃഷ്ണൻനായരും ഡയറക്ടറായിരുന്നു. സാങ്കേതിക വിഷയങ്ങളിൽ മൂന്നു അഡീഷണൽ ഡയറക്ടർമാരും ഭരണകാര്യങ്ങളിൽ ഒരു അഡ്മിനിസ്ട്രേററീവ് ഓഫീസറും ഡയറക്ടറെ സഹായിച്ചു പോന്നു.

### വകുപ്പിൻെറ സർവേ പഠന പ്രവർത്തനങ്ങൾ

3. ടൈമിലി റിപ്പോർട്ടിംഗ് സർവേ.—പ്രധാന കാർഷിക വിളകൾ കൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദന നിരക്ക്, ഭൂവിനിയോഗ വിവരം ഇവ സംബന്ധിച്ച സൂക്ഷ്മവിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുവേണ്ടി 1975–76-ൽ ആരംഭിച്ച ഈ പദ്ധതിയുടെ ഒന്നാംഘട്ടം 1981 ജൂണിലും രണ്ടാംഘട്ടം 1986 ജൂണിലും പൂർത്തിയായി. 1975–76 മുതൽ 1981–82 വരെ നടത്തിയ സർവേയുടെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു. 1982–83, 1983–84 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ പ്രസിദ്ധീകരണത്തിന് നൽകി. 1985–86 വർഷത്തെ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. 1986–87-ൽ 266 വില്ലേജുകൾ തെരഞ്ഞെടുത്ത് സർവേ നടത്തുന്നതിനായി ഉദ്യോഗസ്ഥൻമാർക്ക് പരിശീലനവും നൽകിക്കഴിഞ്ഞു.

4. സമാന്തര സാമ്പിൾ പരിശോധനാപദ്ധതി.—ഈ പദ്ധതിയനുസരിച്ച് 1985–86-ൽ നടത്തിയ സർവേ അടിസ്ഥാനമാക്കി വിരിപ്പ്–മുണ്ടകൻ കാലങ്ങളിലെ നെൽകൃഷിയുടെ വിവരങ്ങൾ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷന് അയച്ചുകൊടുത്തു. പുഞ്ചകൃഷിയുടേയും മരച്ചീനിയുടേയും വിവരങ്ങൾ തയ്യാറാക്കി വരുന്നു.

5. മഴയുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കൽ.—സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ നിന്നും ദിവസേന മഴയുടെ കണക്ക് ശേഖരിച്ച് പൂനയിലെ ഒബ്സർവേറ്ററി ഡയറക്ടറുമായി സഹകരിച്ച് 1986 ജൂൺ വരെയുള്ള മഴയുടെ ശരാശരി കണക്കുകൾ തയ്യാറാക്കി.

6. കൃഷിയുടെ സ്ഥിതിവിവരക്കണക്ക് മുൻകൂറായി തയ്യാറാക്കൽ.— റിപ്പോർട്ടു വർഷത്തിലും പ്രധാനവിളകളെ സംബന്ധിച്ച സ്ഥിതിവിവര ക്കണക്കുകൾ മുൻകൂറായി തയ്യാറാക്കി ഭാരത സർക്കാരിനും മററു ബന്ധ പ്പെട്ട ആഫീസുകൾക്കും അയച്ചുകൊടുത്തു. 1964-ലെ കെ. എൽ. ആർ. ആക്ടിൽ പറഞ്ഞിട്ടുള്ള ചില വിളകളുടെ 1985-ലെ ഉൽപ്പാദന നിരക്ക് പ്രസിദ്ധപ്പെടുത്തി.

7. കൃഷിഭൂമിയിൽ ഇന്നത്തെ അവസ്ഥയിൽ പുതിയ സാങ്കേതിക ജ്ഞാനം പ്രയോഗിക്കുന്നതിനുള്ള തടസ്സങ്ങളെക്കുറിച്ചുള്ള മാതൃകാ പഠനം.—ഈ സർവേയുടെ കാലാവധി മൂന്നുവർഷമാണ്. ഇതിനുവേണ്ടി തെരഞ്ഞെടുത്ത എറണാകുളം ജില്ലയിൽ ഒന്നും രണ്ടും വർഷത്തെ സർവേ പൂർത്തിയാക്കി. സർവേമൂലം ശേഖരിച്ച വിവരങ്ങൾ ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസർച്ചിന് അയച്ചുകൊടുത്തു. മൂന്നാം വർഷത്തെ സർവേ പുരോഗമിക്കുന്നു.

8. കാർഷികവിള പരിശോധന അടിസ്ഥാനമാക്കി വില്ലേജ് റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള സാദ്ധ്യത ആരായുന്നതിനുള്ള കമ്മിററി.— കാർഷികവിള പരിശോധന അടിസ്ഥാനമാക്കി വില്ലേജ് റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള സാദ്ധ്യത ആരായുന്നതിനുവേണ്ടി റവന്യൂ സെക്രട്ടറി ചെയർമാനും കൃഷി, സ്ഥിതിവിവരക്കണക്ക്, റവന്യൂ, വനംസർവേ, ആസൂത്രണം എന്നീ രംഗങ്ങളിലെ വിദഗ്ദ്ധൻമാർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിററിയുടെ തീരുമാനപ്രകാരം, പത്തനംതിട്ട, കോട്ടയം, കണ്ണൂർ ജില്ലകളിലെ ഓരോ ഇൻവെസ്ററിഗേററർ യൂണിററ് തെരഞ്ഞെടുത്ത് കൈവശക്കാരുടെ ഭൂമിയുടെ വിശദവിവരങ്ങൾ ശേഖരിക്കു കയുണ്ടായി. 1985–86-ലേയും 1986–87-ലേയും ടി. ആർ. എസ്. സർവേയിൽ നിന്നും ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ചുകൊണ്ടിരി ക്കുന്നു.

9. ജലസേചന സ്ഥിതിവിവരക്കണക്കുകൾ.—1980-ൽ ആരംഭിച്ച ഈ പദ്ധതിപ്രകാരം തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ ആയക്കെട്ട് വെരിഫിക്കേഷൻ സർവേകൾ നടത്തി റിപ്പോർട്ടു പ്രസിദ്ധീകരിച്ചു. കൃഷിക്കാർ പുതുതായി കൃഷിക്കാരുടെ സ്വന്തം ചെലവിൽ നിർമ്മിച്ചിട്ടുള്ള ജലസേചന പദ്ധതികൾ ഉപയോഗിച്ച് കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി, ചെലവ്, ഉൽപ്പാദന വർദ്ധന മുതലായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായുള്ള ഒരുപഠനം കൊല്ലം ജില്ലയിൽ തുടരുന്നു.

10. കൃഷിച്ചെലവ് സർവേ.—നെല്ല്, തെങ്ങ്, ഏത്തവാഴ, മരച്ചീനി എന്നീ വിളകളെ സംബന്ധിച്ചുള്ള കൃഷിച്ചെലവ് സർവേ സംസ്ഥാനത്തെ 38 താലൂക്കുകളിൽ നടന്നുകൊണ്ടിരിക്കുന്നു. 1983–84, 1984–85 എന്നീ കാർഷിക വർഷങ്ങളിലെ കൃഷിച്ചെലവ് സർവേയുടെ ടാബുലേഷൻ നടന്നു കൊണ്ടിരിക്കുന്നു. 1980–81, 1981–82, 1982–83 എന്നീ കാലയളവിലെ

സർവേ റിപ്പോർട്ട് തയ്യാറാക്കുകയും 1983–84, 1984–85 എന്നീ കാലയളവുകളിലെ വിപണ്യമിച്ചത്തിനെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

11. <u>കാർഷിക സെൻസസ്.</u>—മെയിൻ സെൻസസ് പ്രകാരം ശേഖരിച്ച വിവരങ്ങളെ ആസ്പദമാക്കി ആറു പട്ടികകളും പട്ടികജാതി പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചുള്ള വിവരങ്ങൾ അടങ്ങിയ ആറു പട്ടികകളും കേന്ദ്ര ഗവൺമെൻറിൻെറ നിർദ്ദേശമനുസരിച്ച് പുതുക്കി കേന്ദ്രസർക്കാരിന് അയച്ചിട്ടുണ്ട്. ഇൻപുട്ട് സർവേപ്രകാരം ഖാരീഫ്, റാബി എന്നീ സീസണുകളിലെ ജില്ലാതല പട്ടികകളും സംസ്ഥാനതല പട്ടികകളും കേന്ദ്രസർക്കാരിൻെറ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. ബാക്കി പട്ടികകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

ചില സാങ്കേതിക കാരണങ്ങളാൽ 1985–86-ലെ കാർഷിക സെൻസസ് ഇതുവരെ ആരംഭിച്ചിട്ടില്ല.

12. <u>പൊതുവില ശേഖരിക്കൽ പ്രവർത്തനങ്ങൾ.</u>—ഈ വിഭാഗം താഴെ പറയുന്ന ജോലികൾ റിപ്പോർട്ടു വർഷത്തിൽ നിർവഹിക്കുകയുണ്ടായി:

(1) അവശ്യ സാധനങ്ങളുടെ ദൈനംദിന വില പത്ത് ജില്ലാ തല സ്ഥാനങ്ങളിൽനിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ഗവൺമെൻറിനും വിവിധ ഏജൻസികൾക്കും നൽകി.

(2) വിലയുടെ പ്രവണത കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിന് നൽകി.

(3) മാസന്തോറുമുള്ള ഉപഭോക്തൃവില തയ്യാറാക്കി.

(4) തെരഞ്ഞെടുക്കപ്പെട്ട 15 കേന്ദ്രങ്ങളിലെ ഉപഭോക്തൃവില സൂചിക തയ്യാറാക്കി ഗസററിൽ പരസ്യപ്പെടുത്തി. ഉപഭോക്തൃവില സൂചിക കാണിക്കുന്ന സ്റ്റേററുമെൻറുകൾ അവയുടെ ഗുണഭോക്താക്കൾക്ക് നൽകി.

(5) ലേബർ ബ്യൂറോയ്ക്കുവേണ്ടി ആലപ്പുഴ, ആലുവ, മുണ്ടക്കയം എന്നിവിടങ്ങളിൽ നി ന് 1960 അടിസ്ഥാന വർഷമായുള്ള വിലസൂചിക കണക്കാക്കുന്നതിന് വിലകൾ ശേഖരിച്ച് നൽകി.

(6) ലേബർ ബ്യൂറോ കർഷകത്തൊഴിലാളികൾക്കും വ്യവസായത്തൊഴിലാളികൾക്കുംവേണ്ടി പ്രസിദ്ധപ്പെടുത്തുന്ന വിലസൂചിക സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ലഭ്യമാക്കി. വിവിധ സർക്കാർ വകുപ്പുകൾക്ക് ഭക്ഷ്യവസ്തുക്കളുടേയും മററ് ആവശ്യസാധനങ്ങളുടേയും ചില്ലറ കമ്പോള വില ശേഖരിച്ച് നൽകി.

13. <u>വനവിഭവങ്ങളുടെ വിലശേഖരിക്കൽ.</u>—18 ഇനം വനവിഭവങ്ങളുടെ വില നാലു കേന്ദ്രങ്ങളിൽ നിന്നും മാസന്തോറും ശേഖരിച്ച് വനംവകുപ്പിന് നൽകി.

14. <u>മാർക്കററ് ഇൻറലിജൻസ് പദ്ധതി.</u>—തിരുവനന്തപുരം മേഖലയിൽ 27-ഉം കോഴിക്കോട് മേഖലയിൽ 11-ഉം കേന്ദ്രങ്ങളിലെ കമ്പോളവില നിലവാര ബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്യുകയുണ്ടായി. അരിയുടേ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിനും സിവിൽ സപ്ലൈസ്

വകുപ്പിനും പ്രതിവാര റിപ്പോർട്ട് റിസർവ് ബാങ്കിനും മൊത്തവിലയെ സംബന്ധിച്ച വിവരങ്ങൾ പല കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾക്കും നൽകി.

15. ഇൻഡക്സ് സീരീസ് വിഭാഗം.—ഈ വിഭാഗം 1986–87-ൽ കാർഷികോൽപ്പന്നങ്ങളുടെ മൊത്ത വിലസൂചിക, കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്ക് വേണ്ടിവരുന്ന ചെലവുകളും തമ്മിലുള്ള താരതമ്യ പഠനസൂചിക, കാർഷിക വേതന സൂചിക, കാർഷികമേഖലയെ സംബന്ധിച്ച ഏഴ് സൂചികകൾ എന്നിവ തയ്യാറാക്കി.

16. കാർഷിക വിഭവങ്ങളുടെ ചില്ലറ വില ശേഖരിക്കൽ.—സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറ വില ശേഖരിച്ച് ഗസററിൽ പരസ്യപ്പെടുത്തുന്ന പതിവ് റിപ്പോർട്ടു വർഷത്തിലും തുടർന്നു.

17. സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം.—ഈ വിഭാഗം 1980–81 മുതൽ 1984–85 വരെയുള്ള വാർഷിക വരുമാനവും ആളോഹരിവരുമാനവും ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുകയും കൂടുതലായി ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കുകയും ചെയ്തു. 1980–81 മുതൽ 1985–86 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ വരുമാനവും ആളോഹരി വരുമാനവും തനതുവർഷ വിലകളിലും 1970–71 വർഷത്തെ അടിസ്ഥാന വിലയുമായി പുനർനിർണ്ണയം ചെയ്ത് ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തി. കേരള സർക്കാരിന്റെ 1980–81 മുതൽ 1984–85 വരെയുള്ള ബഡ്ജററ് വിശദമായി വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് സമർപ്പിച്ചു.

18. ജനന-മരണ സ്ഥിതിവിവരം ശേഖരിക്കൽ.—ഈ വിഭാഗം റിപ്പോർട്ട് വർഷത്തിൽ സിവിൽ രജിസ്ട്രേഷൻ, മോഡൽ രജിസ്ട്രേഷൻ, പട്ടണപ്രദേശത്തെ സ്ഥിരതാമസക്കാരുടെ ജനന-മരണ നിരക്കിൻമേലുള്ള പഠനം, മരണ കാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കൽ സർട്ടിഫിക്കററിൻമേലുള്ള പഠനം എന്നിവ തുടർന്നും നടത്തി. ജനന-മരണങ്ങളെ സംബന്ധിച്ച ഒരു പ്രതിമാസ റിപ്പോർട്ട് രജിസ്ട്രാർ ജനറലിന് അയച്ചുകൊടുത്തു. മൂന്നു കോർപ്പറേഷനുകളിലും മുപ്പതു മുനിസിപ്പാലിററികളിലും ഗുരുവായൂർ ടൗൺഷിപ്പിലും സ്പോട്ട് ചെക്ക് സർവേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 1983-ലേയും 1984-ലേയും റിപ്പോർട്ടുകൾ തയ്യാറാക്കിക്കഴിഞ്ഞു. സാമ്പിൾ രജിസ്ട്രേഷൻ പദ്ധതിയനുസരിച്ച് കേരളത്തിലെ 150 ഗ്രാമങ്ങളിലെ ജനന-മരണങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ത്രൈമാസിക റിപ്പോർട്ടുകൾ, 41-ാമത് അർദ്ധ വാർഷിക സർവേയുടെ ഫലങ്ങൾ എന്നിവ രജിസ്ട്രാർ ജനറലിന് അയച്ചുകൊടുത്തു. 1984-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. 1985-ലെ റിപ്പോർട്ട് തയ്യാറാക്കുവാനാരംഭിച്ചു. സംസ്ഥാനത്തൊട്ടാകെ 40 സാമ്പിളുകളിൽ ഒരു ഊർജ്ജിതാന്വേഷണ പരിപാടി റിപ്പോർട്ടു വർഷത്തിൽ നടത്തുകയുണ്ടായി.

19. വ്യാവസായിക സ്ഥിതിവിവരക്കണക്ക് വിഭാഗം.—പ്രസ്തുത വിഭാഗം വ്യവസായ മേഖലയിലെ മുടക്കുമുതൽ, വായ്പകൾ, മൊത്തം തൊഴിലാളികൾ, ജീവനക്കാർ വേതനം, അസംസ്കൃത സാധനങ്ങളുടെ ഉപഭോഗം, ഉൽപ്പാദന മൂല്യം, അററമൂല്യം എന്നിവയെക്കുറിച്ച് പഠനങ്ങൾ നടത്തി 1980–81, 1981–82 എന്നീ വർഷങ്ങളിലെ റിപ്പോർട്ട് തയ്യാറാക്കി, 1982–83-ലെ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

കൊച്ചി തുറമുഖം വഴി നടത്തുന്ന കയററുമതി; ഇറക്കുമതിയുടെ 1985–86-ലെ ദൈനംദിന കണക്കുകൾ ശേഖരിച്ച് ക്രോഡീകരിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

റിപ്പോർട്ട്വർഷത്തിൽ 31–3–1985, 30–6–1985, 30–9–1985, 31-12-1985, 31–3–1986 എന്നീ കാലയളവിലെ വ്യവസായ ഉൽപ്പന്ന സൂചികകളുടെ ത്രൈമാസ റിപ്പോർട്ടുകളും 1984–85-ലെ വാർഷിക റിപ്പോർട്ടും പ്രസിദ്ധീകരിച്ചു. 1985–86-ലെ വാർഷിക റിപ്പോർട്ടു പൂർത്തിയാക്കി.

20. തൊഴിൽ സ്ഥിതിവിവരക്കണക്ക് വിഭാഗം.—പ്രസ്തുതവിഭാഗം റിപ്പോർട്ട് വർഷത്തിൽ കേരളത്തിലെ രജിസ്ററർ ചെയ്ത ഫാക്ടറികൾ, തൊഴിലാളികൾ, വേതനം, പണിമുടക്ക്, ലോക്കൗട്ട്, ലേ ഓഫ്, പിരിച്ചുവിടൽ, ഘെരാവോ, സ്ത്രീ തൊഴിലാളികൾക്ക് നൽകിയ ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച പഠനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രതിമാസ റിപ്പോർട്ടുകൾ ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തു.

21. മാനവശക്തി വിഭവ പഠനങ്ങൾ.—മാനവശക്തി വിഭാഗം മുൻവർഷങ്ങളിൽ തുടങ്ങിയ മൂന്നു പഠനങ്ങൾ പൂർത്തിയാക്കി. എട്ടോളം പഠനങ്ങൾ നടത്തിവരുന്നു. ''1986-ൽ യുവജനങ്ങൾ'' എന്ന പഠന റിപ്പോർട്ട് പൂർത്തിയാക്കി.

22. ഭവനനിർമ്മാണവും വേതനഘടനാ സർവേയും.—ഭവനനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് വിശകലനം ചെയ്ത് ആവശ്യാനുസരണമുള്ള പട്ടികകൾ തയ്യാറാക്കി ദേശീയ കെട്ടിടനിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുത്തു. കെട്ടിടനിർമ്മാണ രംഗങ്ങളിലെ ജോലിക്കാരുടേയും വ്യാപാര സ്ഥാപനങ്ങളിലെ ജോലിക്കാരുടേയും വേതന ഘടനയെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് വിശകലനം ചെയ്ത് പട്ടികകളും റിപ്പോർട്ടുകളും തയ്യാറാക്കി ദേശീയവരുമാന വിഭാഗത്തിന് അയച്ചുകൊടുത്തു.

23. നാഷണൽ സാമ്പിൾ സർവേ.—റിപ്പോർട്ടു വർഷത്തിൽ 41-ാം നമ്പർ റൗണ്ട് സർവേ പൂർത്തിയാക്കി. 42-ാം റൗണ്ട് സർവേ ആരംഭിച്ചു. പുതിയ റൗണ്ട് സർവേയുടെ പരിധിയിൽ മാതൃ-ശിശു സംരക്ഷണം, കുടുംബാസൂത്രണം, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, 60 വയസ്സിനുമുകളിൽ പ്രായമുള്ളവരുടെ വിവരങ്ങൾ, വിമുക്തഭടൻമാരുടെ വിവരങ്ങൾ പ്രതിമാസ ഗാർഹികച്ചെലവുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. 36, 37, 38 റൗണ്ട് സർവേകളിലൂടെ ശേഖരിച്ച വിവരങ്ങളടങ്ങിയ പട്ടിക തയ്യാറാക്കി. അവയുടെ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

24. സർവേ/പഠനങ്ങളുടെ രൂപീകരണവും തയ്യാറാക്കലും.—ചക്രവാർ, വാത്തി, കാവുതീയൻ, ഹൈന്ദവ മുക്കുവൻ എന്നിവരുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പഠനം നടത്തുന്നതിന് ഒരു പദ്ധതി തയ്യാറാക്കി. 1983–84, 1984–85 എന്നീ കാലയളവുകളിലെ പ്രധാനപ്പെട്ട കാർഷിക വിളകളുടെ വിപണ്യമിച്ചത്തിന്റെ റിപ്പോർട്ട് ഈ വിഭാഗത്തിന്റെ മേൽനോട്ടത്തിലും 1980–81, 1981–82, 1982–83 എന്നീ കാലയളവുകളിലെ പ്രസ്തുത വിളകളുടെ കാർഷികച്ചെലവിന്റെ റിപ്പോർട്ടും തയ്യാറാക്കി. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്ററർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ ഏതെങ്കിലും തൊഴിലുള്ളവരുടെ എണ്ണം കാണുന്നതിന്

സഹായകമായ ഷെഡ്യൂളുകൾ ഡിസൈൻചെയ്തു. നാററ്പാക്കിൻെറ ആഭിമുഖ്യത്തിൽ രണ്ടാം തവണ ട്രാഫിക് സർവേ നടത്തി. പട്ടികജാതി കുടുംബങ്ങളെ സംബന്ധിച്ച ഒരു പഠനം നടന്നുകൊണ്ടിരിക്കുന്നു.

25. ഔദ്യോഗിക ഭാഷ നടപ്പാക്കൽ.—ഒരു സാങ്കേതിക വകുപ്പായതിനാലും ഭാരത സർക്കാരുമായി കത്തിടപാടുകൾ നടത്തേണ്ടതിനാലും ഇവിടെ ഭരണതലത്തിൽ പൂർണ്ണമായും മലയാളം നടപ്പാക്കുവാൻ സാദ്ധ്യമല്ല. ജില്ലാ-താലൂക്ക് തലങ്ങളിൽ ഭരണഭാഷ ഒരു പരിധിവരെ മലയാളമാക്കി കഴിഞ്ഞു.

26. ഏകോപന പ്രവർത്തനങ്ങൾ.—വിവിധ വകുപ്പുകളിലെ സ്ററാററിസ്ററിക്കൽ വിഭാഗം മേധാവികളുടെ യോഗം 1986 ഏപ്രിൽ 23, 26 തീയതികളിൽ നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിവിധ വകുപ്പുകളിലെ സ്ററാറ്റിസ്ററിക്കൽ സെല്ലുകളുടെ പ്രവർത്തനം വിലയിരുത്തുകയും ഭാവിപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുകയുമുണ്ടായി.

27. മെക്കാനിക്കൽ ടാബുലേഷൻ പ്രവർത്തനങ്ങൾ.— മെക്കാനിക്കൽ ടാബുലേഷൻ യൂണിററ് പതിനൊന്നോളം യന്ത്രങ്ങളുടെ സഹായത്തോടെ മൂന്നു ഷിഫ്ററുകളിലായി 31–10–1986 വരെയും 1–11–1986 മുതൽ ഒരു ഷിഫ്ററായും പ്രവർത്തിച്ചു. സെൻസസ് ഓഫ് ഗവൺമെൻറ് എംപ്ലോയീസ്, 1982-ലെ ജനന-മരണ സ്ഥിതിവിവരക്കണക്കിൻെറ പഞ്ചായത്ത് തലത്തിലുള്ള വിവരങ്ങളുടെ ടാബുലേഷൻ എന്നിവ പൂർത്തിയാക്കി. 1983-ലെ പഞ്ചായത്ത് തലത്തിലുള്ള വിവരങ്ങളുടെ കോഡിംഗ്, പഞ്ചിംഗ്, വെരിഫിക്കേഷൻ ഇവ പൂർത്തിയാക്കി. സോർട്ടിംഗ് പൂർത്തിയാക്കിയില്ല. 1984-ലെ പഞ്ചായത്തു തലത്തിലുള്ള ടാബുലേഷൻ ജോലി ആരംഭിച്ചു.

28. ആസൂത്രണ പ്രവർത്തനങ്ങൾ.—വകുപ്പിലെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ-ത്രൈമാസ-അർദ്ധ വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന സർക്കാരിനും ഭാരത സർക്കാരിനും അയച്ചുകൊടുത്തു. റിപ്പോർട്ടു വർഷത്തിൽ 92 ഉദ്യോഗസ്ഥൻമാർ പല വിഷയങ്ങളിൽ പരിശീലനം നേടുകയുണ്ടായി. ജില്ലാ-താലൂക്കുതല ഉദ്യോഗസ്ഥൻമാരുടെ രണ്ട് സമ്മേളനങ്ങൾ ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിൽവെച്ച് നടത്തപ്പെട്ടു.

29. പ്രസിദ്ധീകരണങ്ങൾ.—ഈ വിഭാഗം 1986–87-ൽ വിവിധ വിഷയങ്ങളിലായി 27 റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു.

30. ചെലവ്.—റിപ്പോർട്ടു വർഷത്തിൽ വകുപ്പിൻെറ ആകെ ചെലവ് 333·49 ലക്ഷം രൂപ ആയിരുന്നു.

31. 1986–87-ൽ വകുപ്പിൻെറ പ്രവർത്തനം സാമാന്യം തൃപ്തികരമായിരുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ. വി. വി. നമ്പൂതിരിപ്പാട്,

അണ്ടർ സെക്രട്ടറി.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| I | ആമുഖം | .. | 1 |
| II | ഉദ്യോഗസ്ഥന്മാർ | .. | 1 |
| III | സർവേ/പഠനപ്രവർത്തനങ്ങൾ | .. | 4 |
| IV | ചെലവുകൾ | .. | 27 |

# എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ 1986-87-ലെ ഭരണ റിപ്പോർട്ട്

## 1. ആമുഖം

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് (എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ്) വകുപ്പ് സാമ്പത്തിക സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം, ക്രമീകരണം, അപഗ്രഥനം തുടങ്ങിയ ജോലികളിൽ സംസ്ഥാനത്തെ മുഖ്യഘടകമായി നിലകൊള്ളുന്നു. ഇതിനുംപുറമെ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകളെക്കുറിച്ചുള്ള പരാമർശങ്ങൾക്ക് സർക്കാരിൻെറ ഒരു ഉപദേശക ഘടകമായി പ്രവർത്തിക്കുന്ന ഈ വകുപ്പ് സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതി വിവരങ്ങളെക്കുറിച്ചുള്ള ആധികാരികമായി റിപ്പോർട്ട് വിശകലനംചെയ്ത് തയ്യാറാക്കുകയും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും സാമ്പത്തിക കേന്ദ്രങ്ങൾക്കും മററും നൽകുകയും ചെയ്തുവരുന്നു. തൻമൂലം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ വകുപ്പ് പരമ പ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്.

## 2. ഉദ്യോഗസ്ഥൻമാർ

1. ഡയറക്ടർ.—റിപ്പോർട്ടുവർഷത്തിൽ 30-9-1986 വരെ ശ്രീ. എൻ. ജോർജ് ജോൺ ഡയറക്ടറായിരുന്നു. അദ്ദേഹം സർവീസിൽനിന്നും വിരമിച്ചതിനെത്തുടർന്ന് അഡീഷണൽ ഡയറക്ടർ (ജനറൽ) ആയിരുന്ന ശ്രീ. കെ. ബാലകൃഷ്ണൻ നായർ 1-10-1986 മുതൽ ഡയറക്ടറായി തുടർന്നുവരുന്നു.

2. അഡീഷണൽ ഡയറക്ടർമാർ.—ശ്രീ. ജി. രാമചന്ദ്രൻനായർ 1-12-1986 മുതൽ അഡീഷണൽ ഡയറക്ടർ (ജനറൽ) ആയി തുടർന്നുവരുന്നു. ശ്രീമതി പി. എൽ. ശ്രീദേവിഅമ്മ റിപ്പോർട്ടുവർഷത്തിലും സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം അഡീഷണൽ ഡയറക്ടറായി തുടർന്നു. 1-12-1986 മുതൽ അഡീഷണൽ ഡയറക്ടർമാരായി ഉദ്യോഗകയററം കിട്ടിയ ശ്രീ. കെ. ഭാസ്കരമേനോൻ കമാൻഡ് ഏരിയ ഡവലപ്പ്മെൻറ് അതോറിട്ടിയിലും ശ്രീ. ജി. സോമശേഖരൻനായർ കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡിലും തുടർന്നു വരുന്നു. ശ്രീമതി എസ്. രത്നാഭായി അമ്മാൾ 1-12-1986 മുതൽ പ്രൈസസ് വിഭാഗം അഡീഷണൽ ഡയറക്ടറായി തുടർന്നുവരുന്നു.

3. അഡ്മിനിസ്ട്രേററീവ് ആഫീസർമാർ.—റിപ്പോർട്ട് വർഷത്തിൽ 9-7-1986 വരെ ശ്രീ. വി. ഗോപാലകൃഷ്ണൻ നായർ അഡ്മിനിസ്ട്രേററീവ് ആഫീസറായിരുന്നു. തുടർന്ന് 10-7-1986 മുതൽ 5-9-1986 വരെ ശ്രീ. കെ. ആർ. അപ്പുക്കുട്ടൻ തമ്പാനും 6-9-1986 മുതൽ 22-9-1986 വരെ ശ്രീ. കെ. പരമേശ്വരൻ നായരും അഡ്മിനിസ്ട്രേററീവ് ആഫീസർമാരായിരുന്നു. 24-9-1986 മുതൽ ശ്രീ. വി. ഗോപാലകൃഷ്ണൻ നായർ സീനിയർ അഡ്മിനിസ്ട്രേററീവ് ആഫീസറായി തുടർന്നുവരുന്നു.

4. ജോയിൻറ് ഡയറക്ടർമാർ.—

1. ശ്രീമതി ററി. സരസ്വതി അമ്മ 17–1–1987 വരെ
2. ശ്രീ. ററി. പി. രാജഗോപാലൻ
3. ,, കെ. അച്യുതൻ
4. ഡോക്ടർ എം. കുട്ടപ്പൻ
5. ശ്രീമതി കെ. ലീലാകുമാരി 21–11–1986 മുതൽ

5. ഡെപ്യൂട്ടി ഡയറക്ടർമാർ.—

1. ശ്രീ. കെ. പി. മാധവക്കുറുപ്പ്
2. ,, പി. ബി. ലക്ഷ്മണൻ
3. ,, പി. ഗോപാലൻ
4. ,, യു. തോമസ് സ്ലീബ
5. ,, ഇ. ജമാൽ മുഹമ്മദ്
6. ,, എം. എൻ. രാജൻ
7. ,, എ. മീരാസാഹിബ്
8. ശ്രീമതി എസ്. സുനീത
9. ശ്രീ. സി. സോമവർമ്മ
10. ,, എ. എം. ഹരിദാസൻ നായർ
11. ,, വി. എ. എബ്രഹാം
12. ,, എം. ഷംസുദ്ദീൻ
13. ,, ഇ. പി. ഗോവിന്ദപ്പിള്ള
14. ,, പി. കെ. ചന്തുനായർ
15. ,, എം. ആർ. ബാലകൃഷ്ണൻ

6. അസിസ്ററൻറ് ഡയറക്ടർമാർ.—

1. ശ്രീമതി ജെ. പത്മം
2. ,, എം. എസ്. വൽസല
3. ശ്രീ. കെ. മുഹമ്മദ്കുട്ടി
4. ശ്രീമതി എസ്. ഇന്ദിര
5. ,, സി. വൈജയന്തി
6. ,, കെ. ലില്ലിക്കുട്ടി വർഗ്ഗീസ്
7. ശ്രീ. സി. പി. ഗോപിനാഥൻ നായർ
8. ,, കെ. പി. അലക്സാണ്ടർ 28–2–1987-ൽ സർവീസിൽ നിന്നും വിരമിച്ചു
9. ,, പി. സി. ജയിൻ
10. ശ്രീമതി എസ്. രാധ
11. ശ്രീ. പി. പി. ഗോപാലകൃഷ്ണപിള്ള
12. ശ്രീമതി കനകം ഹരിദാസ്
13. ശ്രീ. പി. കൊച്ചുനാരായണപിള്ള

7. ജില്ലാ ആഫീസർമാർ/റീജിയണൽ സ്ററാററിസ്ററിക്കൽ ആഫീസർമാർ.—

1. ശ്രീ. കെ. എൻ. രാധാകൃഷ്ണൻനായർ
2. ,, വി. സി. കുര്യൻ
3. ,, മുഹമ്മദ് സർവർഖാൻ
4. ,, വി. സി. ജോർജ്

5. ശ്രീ. ഡി. കെ. വിദ്യാനന്ദൻ
6. ,, കെ. പി. കരുണാകരൻപിള്ള
7. ,, കെ. കൃഷ്ണൻ
8. ,, എച്ച്. ജോൺസൺ
9. ,, എൻ. ബാലകൃഷ്ണൻ നായർ
10. ,, കെ. നാരായണൻ നായർ
11. ,, രവീന്ദ്രനാഥൻ കർത്താ
12. ,, ഡി. സുകുമാരൻ നായർ 28-2-1987-ൽ സർവീസിൽ നിന്നു വിരമിച്ചു.
13. ,, കെ. രാമക്കുറുപ്പ്
14. ,, ററി. പി. ഗോപിനാഥൻ
15. ,, പി. ആർ. മുരളീധരൻ നായർ
16. ,, എം. സി. സാമുവൽ
17. ,, ററി. ശ്രീധരൻ

8. അഡ്മിനിസ്ട്രേററീവ് അസിസ്ററൻറുമാർ.—

1. ശ്രീ. കെ. പി. കരുണാകരൻ
2. ശ്രീമതി വി. എസ്. ജാനകി

ഈ ഡിപ്പാർട്ടുമെൻറിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടെ ഇനംതിരിച്ചുള്ള എണ്ണം (1-2-1987-ലെ കണക്കനുസരിച്ച്)

(എ) സാങ്കേതിക വിഭാഗം

| | | | |
|---|---|---|---|
| 1. | ഡയറക്ടർ | .. | 1 |
| 2. | അഡീഷണൽ ഡയറക്ടർ | .. | 3 |
| 3. | ജോയിൻറ് ഡയറക്ടർ | .. | 5 |
| 4. | ഡെപ്യൂട്ടി ഡയറക്ടർ | .. | 15 |
| 5. | അസിസ്ററൻറ് ഡയറക്ടർ | .. | 13 |
| 6. | ജില്ലാ ഓഫീസർ/റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസർ | .. | 19 |
| 7. | അഡീഷണൽ ജില്ലാ സ്ററാററിസ്ററിക്കൽ ഓഫീസർ/പ്രൈസ് സൂപ്പർവൈസറി ഓഫീസർ/സ്ക്രൂട്ടിനി ഓഫീസർ | .. | 44 |
| 8. | റിസർച്ച് ഓഫീസർ | .. | 26 |
| 9. | എം. ററി. സീനിയർ സൂപ്പർവൈസർ | .. | 1 |
| 10. | താലൂക്ക് സ്ററാററിസ്ററിക്കൽ ഓഫീസർ | .. | 61 |
| 11. | സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർ/പ്രൈസ് ഇൻസ്പെക്ടർ/റിസർച്ച് അസിസ്ററൻറ്/എം. ററി. സൂപ്പർവൈസർ | .. | 299 |
| 12. | യു. ഡി. കമ്പയിലർ/ഇൻവെസ്ററിഗേറ്റർ/ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ/യു. ഡി. പഞ്ച് കാർഡ് ഓപ്പറേറ്റർ | .. | 788 |
| 13. | ഡ്രാഫ്റ്റ്സ്മാൻ | .. | 8 |

| | | | |
|---|---|---|---|
| 14. | എൽ. ഡി. ഇൻവെസ്ററിഗേററർ/കമ്പയിലർ/പഞ്ച്കാർഡ് ഓപ്പറേറ്റർ | .. | 701 |
| 15. | ഡോക്കുമെൻേറഷൻ അസിസ്ററൻറ് | .. | 1 |
| | സാങ്കേതികവിഭാഗം ആകെ | .. | 1975 |

* മററുവകുപ്പുകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ഭരണവിഭാഗം.—

| | | | |
|---|---|---|---|
| 1. | അഡ്മിനിസ്ട്രേററീവ് ഓഫീസർ | .. | 1 |
| 2. | അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ് | .. | 2 |
| 3. | സീനിയർ സൂപ്രണ്ട് | .. | 4 |
| 4. | ജൂനിയർ സൂപ്രണ്ട് | .. | 3 |
| 5. | ഫെയർകോപ്പി സൂപ്രണ്ട് | .. | 3 |
| 6. | ഹെഡ് ക്ലാർക്ക് | .. | 4 |
| 7. | യു. ഡി. ക്ലാർക്ക് | .. | 20 |
| 8. | എൽ. ഡി. ക്ലാർക്ക് | .. | 2 |
| 9. | കോൺഫിഡൻഷ്യൽ അസിസ്ററൻറ് | .. | 7 |
| 10. | സീനിയർ ഗ്രേഡ്/യു.ഡി. ടൈപ്പിസ്റ്റ് | .. | 23 |
| 11. | എൽ. ഡി. ടൈപ്പിസ്ററ് | .. | 21 |
| 12. | മൊച്ചി | .. | 1 |
| 13 | ഡഫേദാർ | .. | 1 |
| 14. | അററൻഡർ | .. | 1 |
| 15. | ഡ്യൂപ്ലിക്കേററർ മെഷീൻ ഓപ്പറേറ്റർ | .. | 1 |
| 16. | പ്യൂൺ | .. | 68 |
| 17. | ഡ്രൈവർ | .. | 8 |
| 18. | നൈററ് വാച്ചർ | .. | 1 |
| | ഭരണവിഭാഗം ആകെ | .. | 171 |
| | എ + ബി | .. | 2146 |

## 3. സർവേ/പഠനപ്രവർത്തനങ്ങൾ

1. ടൈമിലി റിപ്പോർട്ടിംഗ് സർവേ സ്കീം.—സംസ്ഥാനത്തെ കൃഷിസംബന്ധമായ സ്ഥിതിവിവരക്കണക്കുകൾ അതായത് പ്രധാന കാർഷിക വിളകൾ അവ കൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനനിരക്ക്, ഭൂവിനിയോഗം തുടങ്ങിയ വിവരങ്ങൾ ഓരോ വർഷവും തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ നടത്തുന്ന വാർഷിക സർവേ മുഖാന്തിരമായിരുന്നു കണക്കാക്കിയിരുന്നത്. സാമ്പിൾ സൈസ് തീരെ ചെറുതായിരുന്നതുകൊണ്ട് ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ ഗുണനിലവാരത്തിൽ പിന്നോക്കമായിരുന്നു. ആയതിനാൽ കൂടുതൽ സൂക്ഷ്മമായ കണക്കുകൾ യഥാസമയത്തുതന്നെ ലഭ്യമാക്കുന്നതിനുവേണ്ടി

1975–76 മുതൽ കേന്ദ്ര ഗവൺമെൻറിൻെറ സഹായത്തോടുകൂടി ഒരു സർവേ തുടങ്ങാൻ തീരുമാനിച്ചു. കേരളത്തിലെ കൃഷി രീതിയിലുള്ള പ്രത്യേകതകളും കാലാവസ്ഥയും മററും കണക്കിലെടുത്തുകൊണ്ട് അഖിലേൻഡ്യാടിസ്ഥാനത്തിൽ നടത്തുന്ന റൈറമിലി റിപ്പോർട്ടിംഗ് സർവേയുടെ ഒരു രൂപാന്തരമായാണ് ഇതാരംഭിച്ചത്. ഇതനുസരിച്ച് 5 വർഷംകൊണ്ട് കേരളത്തിലെ എല്ലാ വില്ലേജുകളും പൂർണ്ണമായി സർവേചെയ്ത് തീർക്കാനാണുദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ യഥാക്രമം 1981 ജൂണിലും 1986 ജൂണിലും പൂർത്തിയായി. മൂന്നാംഘട്ടം 1986 ജൂലൈ മാസത്തിൽ ആരംഭിച്ചു. ഈ സർവേയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ വിവരിക്കും പ്രകാരമാണ്.

ഓരോ വർഷവും 20 ശതമാനം വില്ലേജുകൾ സർവേയ്ക്കുവേണ്ടി തിരഞ്ഞെടുക്കുന്നു. ഏകതല സാമ്പ്ലിംഗാണ് ഇതിനവലംബിച്ചിട്ടുള്ളത്. താലൂക്ക് ഒരു സ്ട്രാററം ആയും റവന്യൂ വില്ലേജ് അതിൻെറ യൂണിറ്റായും കണക്കാക്കിയാണ് വില്ലേജുകൾ തിരഞ്ഞെടുക്കുന്നത്. ഇപ്രകാരം ഓരോ വർഷവും തിരഞ്ഞെടുക്കുന്ന എല്ലാ വില്ലേജുകളിലെയും വയൽഭൂമി മൂന്നു പ്രാവശ്യവും (വിരിപ്പ്, മുണ്ടകൻ, പുഞ്ച) കരഭൂമി രണ്ടു പ്രാവശ്യവും സന്ദർശിച്ച് കൃഷി ചെയ്തിട്ടുള്ള വിളവുകളുടെ വിവരങ്ങൾ, അത്യുൽപാദനശേഷിയുള്ള നെൽകൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി, ജലസേചനത്തിൻെറ വിവരങ്ങൾ എന്നിവ ശേഖരിക്കുന്നു. കാർഷിക ഉൽപ്പാദനം തിട്ടപ്പെടുത്തുന്നതിനുവേണ്ടി പ്രധാനപ്പെട്ട വിളകൾക്ക് ആവശ്യമായ വിളവെടുപ്പ് പരീക്ഷണങ്ങളും നടത്തുന്നു. വിളവെടുപ്പ് പരീക്ഷണം നടത്തേണ്ട സ്ഥലങ്ങൾ ഉദ്ദേശരഹിത റാൻഡം രീതിയിൽ തിരഞ്ഞെടുക്കുന്നു. ഇങ്ങനെ ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് സംസ്ഥാനത്തിൻെറ മൊത്തം കാർഷിക സ്ഥിതിവിവരക്കണക്ക് തയ്യാറാക്കുന്നു. ജില്ലാതലത്തിൽ ഈ സർവേ നടത്തുന്നതിനുള്ള ചുമതല ഡെപ്യൂട്ടി ഡയറക്ടർമാർക്കും ജില്ലാ ആഫീസർ, അഡീഷണൽ ജില്ലാ ആഫീസർ എന്നിവർക്കുമാണ്. താലൂക്ക് തലത്തിൽ താലൂക്ക് സ്ററാററിസ്ററിക്കൽ ഓഫീസർ, അഡീഷണൽ സ്ററാറ്റിസ്ററിക്കൽ ഇൻസ്പെക്ടർ എന്നിവരാണ് ഈ ചുമതല നിർവഹിക്കുന്നത്. സംസ്ഥാനത്തൊട്ടാകെയുള്ള 902 ഇൻവെസ്ററിഗേററർമാരാണ് ഇതിനുവേണ്ട വിവരങ്ങൾ ശേഖരിക്കുന്നത്.

ജൂലൈയിൽ ആരംഭിച്ച് ജൂണിൽ അവസാനിക്കുന്ന കാർഷികവർഷമാണ് റഫറൻസ് പീരിയഡായി ഈ സർവേയ്ക്ക് അവലംബിച്ചിട്ടുള്ളത്. 1975–76 മുതൽ 1981–82 വരെ നടത്തിയ സർവേയുടെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1982–83, 1983–84 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരണത്തിന് നൽകി. 1984–85 വർഷത്തെ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

ഈ സർവേ നടത്തുവാൻവേണ്ടി ഓരോ വർഷവും തിരഞ്ഞെടുക്കുന്ന വില്ലേജുകളിൽനിന്നും 20 സർവേ നമ്പർ വീതം തിരഞ്ഞെടുത്ത് ആ പ്ലോട്ടുകളിൽ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻെറ ആഭിമുഖ്യത്തിൽ ഒരു സമാന്തര പരിശോധനാപദ്ധതികൂടി നടത്തുന്നുണ്ട്. നെല്ലിനും മരച്ചീനിക്കും വിളവെടുപ്പ് പരീക്ഷണങ്ങളും നടത്തുന്നു. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ട 50 ശതമാനം വില്ലേജുകളിലെ സർവേ അഡീഷണൽ സ്ററാററിസ്ററിക്കൽ ഓഫീസർമാരും ബാക്കി 50 ശതമാനം വില്ലേജുകളിലേത് നാഷണൽ സാമ്പിൾ സർവേ ഉദ്യോഗസ്ഥൻമാരും നടത്തുന്നു.

1984-85-ലെ സർവേ മുഖാന്തിരം ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി പ്രധാനപ്പെട്ട വിളകൾ കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, അവയിൽനിന്നുള്ള ഉൽപ്പാദനം, ഭൂവിനിയോഗ വിവരങ്ങൾ എന്നിവ കണക്കാക്കി.

1986-87-ൽ 266 വില്ലേജുകൾ സർവേ നടത്തുന്നതിനുവേണ്ടി തിരഞ്ഞെടുത്തു. സർവേ ചെയ്യുന്നതിനുവേണ്ട പരിശീലനം നൽകുന്നതിനുവേണ്ടി ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ട്രെയിനിംഗ് ക്ലാസുകൾ സംഘടിപ്പിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ആവശ്യമായ ഫാറങ്ങളും വിളവെടുപ്പ് പരീക്ഷണം നടത്തുന്നതിനാവശ്യമായ ഉപകരണങ്ങളും മററും വിതരണംചെയ്ത് തിരഞ്ഞെടുത്ത വില്ലേജുകളിലെ വയൽഭൂമികൾ സന്ദർശിച്ച് വിരിപ്പുകാലത്തെ നെൽക്കൃഷിയുടെ വിവരങ്ങൾ ശേഖരിച്ച് അവ അപ്പ്രഗ്രഥിക്കുകയും അടിസ്ഥാനമാക്കി സ്റ്റേറ്റിൽ നെൽകൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, ഉൽപ്പാദനം, അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ, കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, ജലസേചനം സംബന്ധിച്ച വിവരങ്ങൾ എന്നിവ തിട്ടപ്പെടുത്തി രണ്ടാം വിളയുടെ വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു. റിപ്പോർട്ട് വർഷത്തിൽ വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തുന്നതിനുവേണ്ടി തിരഞ്ഞെടുത്ത വിളവുകളും നടത്താനുദ്ദേശിക്കുന്ന പരീക്ഷണങ്ങളുടെ എണ്ണവും താഴെ കൊടുക്കുന്നു.

| വിളയുടെ പേര് | നടത്താനുദ്ദേശിക്കുന്ന പരീക്ഷണങ്ങളുടെ എണ്ണം | ഇതുവരെ നടത്തിയിട്ടുള്ള പരീക്ഷണങ്ങളുടെ എണ്ണം | റിമാർക്ക് |
|---|---|---|---|
| (1) | (2) | (3) | (4) |
| വിരിപ്പ് (നെല്ല്) | 1682 | 1545 | സർവേ പൂർത്തിയായിട്ടില്ല |
| നെല്ല് മുണ്ടകൻ | 1663 | .. | സർവേ പുരോഗമിക്കുന്നു |
| പുഞ്ച (നെല്ല്) | 1115 | .. | സർവേ തുടങ്ങിയിട്ടില്ല |
| മരച്ചീനി | 1273 | .. | സർവേ പുരോഗമിക്കുന്നു |
| തേങ്ങ | 650 | .. | ടി |
| അടയ്ക്ക | 438 | .. | ടി |
| കശുവണ്ടി | 396 | .. | ടി |
| കുരുമുളക് | 397 | .. | ടി |
| കൊക്കോ | 243 | .. | ടി |
| ഏത്തവാഴ | 205 | .. | ടി |
| എള്ള് | 129 | .. | ടി |
| നിലക്കടല | 80 | .. | ടി |
| ചക്ക | 247 | .. | ടി |
| പുളി | 252 | .. | ടി |
| മററു വാഴ | 229 | .. | ടി |
| കരിമ്പ് | 90 | .. | ടി |

2. സമാന്തരസാമ്പിൾ പരിശോധനാപദ്ധതി.—സമാന്തരസാമ്പിൾ പരിശോധനാ പദ്ധതിയനുസരിച്ച് നടത്താനുദ്ദേശിക്കുന്ന പരീക്ഷണങ്ങൾ ഇപ്രകാരമാണ്:—

| വിളയുടെ പേര് | | നടത്താനുദ്ദേശിക്കുന്ന പരീക്ഷണങ്ങളുടെ എണ്ണം | നടത്തിയ പരീക്ഷണങ്ങൾ |
|---|---|---|---|
| (1) | | (2) | (3) |
| നെല്ല് | വിരിപ്പ് | 160 | 153 |
| | മുണ്ടകൻ | 160 | പൂർത്തിയായിട്ടില്ല |
| | പുഞ്ച | 120 | ടി |
| മരച്ചീനി | | 80 | ടി |

സർവേ ജൂൺ അവസാനത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. 1985–86-ൽ നടത്തിയ സർവേ അടിസ്ഥാനമാക്കി വിരിപ്പ്, മുണ്ടകൻ കാലങ്ങളിലെ നെൽകൃഷിയുടെ വിവരങ്ങൾ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷന് അയച്ചുകൊടുത്തു. പുഞ്ച കൃഷിയുടേയും മരച്ചീനിയുടേയും വിവരങ്ങൾ തയ്യാറാക്കിവരുന്നു. ഇതുകൂടാതെ താഴെ പറയുന്ന ജോലികൾകൂടി ഈ സെക്ഷനിൽ ചെയ്യുന്നുണ്ട്.

3. മഴയുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കൽ.—വിവിധ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് റവന്യൂബോർഡ് അയച്ചു തരുന്ന മഴയുടെ റിപ്പോർട്ട് സമാഹരിച്ച് പൂനയിലെ ഒബ്സർവേറ്ററി ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നു. ഇതിനെ അടിസ്ഥാനമാക്കി ഓരോ മാസത്തേയും വർഷത്തേയും മഴയുടെ ശരാശരി അളവ് കണക്കാക്കുന്നു. 1986 ജൂൺ വരെയുള്ള കണക്കുകൾ തയ്യാറാക്കിക്കഴിഞ്ഞു. റവന്യൂബോർഡിൽനിന്നും അയച്ചുതരുന്ന ദിവസേനയുള്ള മഴയുടെ കണക്ക് 1986 ജൂലൈവരെയുള്ളത് അയച്ചുകൊടുത്തു.

4. കൃഷിയുടെ സ്ഥിതിവിവരക്കണക്ക് മുൻകൂറായി തയ്യാറാക്കൽ.—പ്രധാനപ്പെട്ട വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും ഉൽപ്പാദനവും മുൻകൂട്ടി കണക്കാക്കുന്ന (പ്രവചനാ) രീതിയനുസരിച്ച് ഈ വർഷവും പ്രസ്തുത റിപ്പോർട്ടുകൾ തയ്യാറാക്കി നിശ്ചിത സമയത്തിന് ഇൻഡ്യാ ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും അയച്ചുകൊടുത്തു. 1964-ലെ കെ. എൽ. ആർ. ആക്ടിൽ പറഞ്ഞിട്ടുള്ള ചില വിളകളുടെ 1985-ലെ ഉൽപ്പാദന നിരക്ക് പ്രസിദ്ധപ്പെടുത്തി.

5. കൃഷിഭൂമിയിൽ ഇന്നത്തെ അവസ്ഥയിൽ പുതിയ സങ്കേതിക രീതി പ്രയോഗിക്കുന്നതിനുള്ള തടസ്സങ്ങളെക്കുറിച്ചുള്ള മാതൃകാ പഠനം.—എറണാകുളം ജില്ലയാണ് ഈ സർവേ നടത്തുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ഇതിനുവേണ്ടിവരുന്ന ചിലവിന്റെ 50 ശതമാനം ഇൻഡ്യൻ കൗൺസിൽ ഫോർ അഗ്രിക്കൾച്ചറൽ റിസേർച്ചും ബാക്കിയുള്ള 50 ശതമാനം സംസ്ഥാന ഗവൺമെന്റും വഹിക്കുന്നു. സർവേയ്ക്കനുവദിച്ച താഴെ പറയുന്ന ജീവനക്കാരെ എറണാകുളം ജില്ലയിൽ നിയമിച്ചിട്ടുണ്ട്:—

| | | |
|---|---|---|
| അഡീഷണൽ ജില്ലാ ഓഫീസർ | .. | 1 |
| സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ | .. | 3 |
| എൽ. ഡി. കമ്പയിലർ | .. | 1 |

മൂന്നു വർഷമാണ് സർവേയുടെ കാലാവധി. ഇതനുസരിച്ച് ഒന്നും രണ്ടും വർഷത്തെ സർവേ പൂർത്തിയാക്കി. സർവെ മൂലം ലഭിച്ച വിവരങ്ങൾ ഇൻഡ്യൻ കൗൺസിൽ ഫോർ അഗ്രിക്കൾച്ചറൽ റിസേർച്ചിന് അയച്ചു കൊടുത്തു. മൂന്നാം വർഷത്തെ സർവേ പുരോഗമിക്കുന്നു.

6. കാർഷികവിള പരിശോധന അടിസ്ഥാനമാക്കി വില്ലേജ് റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള സാദ്ധ്യത ആരായുന്നതിനുള്ള കമ്മിറ്റി.—ഈ കമ്മിററിയുടെ തീരുമാനപ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ പത്തനംതിട്ട, എറണാകുളം, കണ്ണൂർ ജില്ലകളിൽ നിന്നും ഓരോ ഇൻവെസ്റ്റിഗേറ്റർ യൂണിററ് തിരഞ്ഞെടുത്ത് കൈവശക്കാരനെ അടിസ്ഥാനമാക്കി ഭൂമിയുടെ വിസ്തീർണ്ണവും മററു വിവരങ്ങളും വിരിപ്പുകൃഷിസമയത്ത് ശേഖരിക്കുകയുണ്ടായി. തുടർന്ന് മുണ്ടകൻ കാലത്ത്, കോട്ടയം ജില്ലയിലെ 'കൂരോപ്പട' വില്ലേജിൽ നിന്നും കൈവശക്കാരൻെറ ഭൂമിയുടെ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി.

1985–86-ലേയും 1986–87–ലേയും ററി. ആർ. എസ്. സർവേയിൽ നിന്നും ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ചുകൊണ്ടിരിക്കുന്നു. അപഗ്രഥിച്ചിടത്തോളം വിവരങ്ങൾ താഴെ കൊടുക്കുന്നു:—

1985–86

| വിളയുടെ പേര് | | കൃഷിചെയ്ത സ്ഥലത്തിൻെറ വിസ്തൃതി (ഹെക്ടറിൽ) | ഉൽപ്പാദനം, അരി (മെട്രിക് ടൺ) |
|---|---|---|---|
| (1) | | (2) | (3) |
| നെല്ല് | വിരിപ്പ് | 279699 | 461992 |
| | മുണ്ടകൻ | 313423 | 526981 |
| | പുഞ്ച | 85159 | 184078 |

1986–87

| | | |
|---|---|---|
| നെല്ല് വിരിപ്പ് | 286569 | 468409 |

7. ജലസേചന സ്ഥിതിവിവരക്കണക്കുകൾ.—സംസ്ഥാനത്തെ കൃഷിക്കുവേണ്ടിയുള്ള ജലസേചനത്തിൻെറ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെൻറിൻെറ പൂർണ്ണ സാമ്പത്തിക സഹായത്തോടുകൂടി 1980–ൽ രൂപീകൃതമായ സ്കീമാണിത്. ജലസേചന സംബന്ധമായ അഡ്ഹോക് സർവേകൾ നടത്തലാണ് ഇവിടത്തെ പ്രധാന ജോലി. ജില്ലാതലത്തിൽ ചെറുകിട ജലസേചനത്തിൻെറ കൃഷിക്കുള്ള ഉപയോഗവിസ്തൃതിയും തരം തിരിച്ചുള്ള വിളകളുടെ രീതിയും മററും അനുമാനിക്കുന്നതിനുവേണ്ടി ആയക്കെട്ട് വെരിഫിക്കേഷൻ സർവേകൾ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ നടത്തി. അതിൻെറ റിപ്പോർട്ടുകൾ ഗവൺമെൻറിലേക്ക് ഇതിനകം സമർപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ പുതുതായി കൃഷിക്കാരുടെ സ്വന്തം ചിലവിൽ നിർമ്മിച്ചിട്ടുള്ള ജലസേചന പദ്ധതികൾ ഉപയോഗിച്ച് കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി, ചിലവ്, ഉൽപ്പാദനവർദ്ധന മുതലായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ ഒരു പഠനം നടത്തുകയുണ്ടായി. റിപ്പോർട്ടു വർഷത്തിൽ കൊല്ലം ജില്ലയിൽ ഈ പഠനം തുടരുന്നു.

8. കൃഷിച്ചിലവ് സർവെ.—നെല്ല്, തെങ്ങ്, ഏത്തവാഴ, മരച്ചീനി എന്നീ വിളവുകളെ സംബന്ധിച്ചുള്ള കൃഷിച്ചിലവു സർവേ സംസ്ഥാനത്തെ 38 താലൂക്കുകളിൽ റിപ്പോർട്ട് കാലയളവിൽ നടന്നുകൊണ്ടിരിക്കുന്നു.

1983–84, 1984–85–എന്നീ കാർഷിക വർഷത്തിലെ കൃഷിച്ചിലവു സർവേയുടെ ടാബുലേഷൻ നടന്നുകൊണ്ടിരിക്കുന്നു. 1980–81, 1981–82 1982–83 എന്നീ കാലയളവുകളിലെ സർവെ റിപ്പോർട്ട് തയ്യാറാക്കുകയും 1983–84, 1984–85 എന്നീ കാലയളവുകളിലെ വിപണ്യമിച്ചത്തിനെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

സർവേകൾക്കുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഓരോ താലൂക്കിലും വിളവുകളുടെ കൃഷിച്ചിലവിനെപ്പററി പഠനം നടത്തുന്നതിന് തിരഞ്ഞെടുക്കപ്പെട്ട നിലങ്ങളിലും പറമ്പുകളിലും കൃഷി നടത്തുന്ന കർഷകരെ രണ്ടാഴ്ചയിൽ ഒരിക്കൽ ഒരു ഇൻവെസ്ററിഗേററർ സന്ദർശിച്ച് അതാതു പക്ഷങ്ങളിൽ നടത്തിയ കൃഷി മുറകളും അവയ്ക്കുവേണ്ടി വരുന്ന അദ്ധ്വാന ചിലവും നിശ്ചിത ഫോറങ്ങളിൽ രേഖപ്പെടുത്തുന്നുണ്ട്. 1985–86–ലെ ജില്ലാടിസ്ഥാനത്തിലുള്ള ടാബുലേഷൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

9. കാർഷികസെൻസസ്.—(എ) സെൻസസിൻെറ പ്രധാന ലക്ഷ്യങ്ങൾ.—1. ഭൂപരിഷ്ക്കരണനിയമം നടപ്പാക്കിയശേഷം ഭൂമിയുടെ കൈവശാവകാശത്തിൽ വന്നിട്ടുള്ള മാററങ്ങളും തൻമൂലം ഉണ്ടായിട്ടുള്ള ഗുണങ്ങളും അപഗ്രഥിക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക.

2. ഭൂവിനിയോഗം, കാർഷികവിളകളുടെ വിസ്തീർണ്ണം ജലസേചന സൗകര്യം തുടങ്ങിയവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.

3. വിത്ത്, വളം, കീടനാശിനി തുടങ്ങി കാർഷികാവശ്യത്തിനുള്ള അവശ്യഘടകങ്ങളെ (ഇൻപുട്ട്) കുറിച്ച് സമഗ്രമായ വിവരങ്ങൾ ശേഖരിക്കുക.

4. കാർഷികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ഉപകരണങ്ങൾ, കന്നുകാലികൾ തുടങ്ങിയവയെപ്പററിയും കാർഷികവായ്പയുടെ ലഭ്യതയെപ്പററിയും പ്രധാന വിവരങ്ങൾ ശേഖരിക്കുക. കൈവശഭൂമിയെക്കുറിച്ച് മുകളിൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ പൊതുവായും പട്ടികജാതി പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച് പ്രത്യേകമായും ശേഖരിക്കുന്നുണ്ട്. മെയിൻ സെൻസസ് (1980–81) എന്നും നിവേശപര്യവേഷണം (ഇൻപുട്ട് സർവേ) എന്നുമുള്ള രണ്ടു ഘട്ടങ്ങളായിട്ടാണ് കാർഷികസെൻസസ് നടന്നത്. മെയിൻ സെൻസസ് പ്രകാരം ശേഖരിച്ച വിവരങ്ങളെ ആസ്പദമാക്കി ആറു പട്ടികകളും പട്ടികജാതി പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചുള്ള വിവരങ്ങൾ അടങ്ങിയ ആറു പട്ടികകളും കേന്ദ്രഗവൺമെൻറിൻെറ നിർദ്ദേശപ്രകാരമുള്ള ഭേദഗതികളോടെ തയ്യാറാക്കി കേന്ദ്രസർക്കാരിന് അയച്ചിട്ടുണ്ട്. നിവേശപര്യവേഷണ (ഇൻപുട്ട് സർവേ) പ്രകാരം കാരിഫ്, റാബി എന്നീ സീസണുകളിലെ ജില്ലാതല പട്ടികകളും സംസ്ഥാനതല പട്ടികകളും കേന്ദ്രസർക്കാരിൻെറ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട് ബാക്കി പട്ടികകൾ തയ്യാറാക്കുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ചില സാങ്കേതിക കാര്യങ്ങളാൽ 1985–86–ലെ കാർഷികസെൻസസ ഇതുവരെ സംസ്ഥാനത്ത് തുടങ്ങുവാൻ സാധിച്ചിട്ടില്ല.

10. <u>പൊതുവില ശേഖരിക്കൽ പ്രവർത്തനങ്ങൾ.</u>—ഈ വിഭാഗം താഴെ പറയുന്ന ജോലികൾ തുടർന്നും നിർവഹിച്ചുവരുന്നു:—

1. അവശ്യസാധനങ്ങളുടെ ദൈനംദിന വില ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോഡ് ഇവ ഒഴിച്ചുള്ള എല്ലാ ജില്ലാതലസ്ഥാനങ്ങളിൽനിന്നും ടെലക്സ് മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്ത ദിവസംതന്നെ ഗവൺമെൻറിലേയ്ക്കും വിവിധ ഏജൻസികൾക്കും അയച്ചു വരുന്നു.

2. വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേയ്ക്ക് അയക്കുന്നു.

3. മാസംതോറുമുള്ള ഉപഭോക്തൃവിലസൂചിക തയ്യാറാക്കുന്നു.

ഉപഭോക്തൃവിലസൂചിക കണക്കാക്കുന്നതിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് നിയുക്തമായ കമ്മീററിയുടെ ശുപാർശ അനുസരിച്ച് റേഷൻ സാധനങ്ങളുടെ ഓഫ്ടേക്ക് സർവേ നടത്തുന്നുണ്ട്.

താഴെ പറയുന്ന 15 തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളുടെ ഉപഭോക്തൃ വില സൂചിക തയ്യാറാക്കി പതിവുപോലെ ഗസററിൽ വിജ്ഞാപനം ചെയ്തുവരുന്നു:—

1. തിരുവനന്തപുരം
2. കൊല്ലം
3. പുനലൂർ
4. ആലപ്പുഴ
5. കോട്ടയം
6. മുണ്ടക്കയം
7. മൂന്നാർ
8. എറണാകുളം
9. ചാലക്കുടി
10. തൃശ്ശൂർ
11. പാലക്കാട്
12. കോഴിക്കോട്
13. മലപ്പുറം
14. മേപ്പാടി
15. കണ്ണൂർ

ഉപഭോക്തൃവില സൂചിക കാണിക്കുന്ന സ്റ്റേറ്റുമെൻറുകൾ അവയുടെ ഗുണഭോക്താക്കളായ പ്രധാനപ്പെട്ട സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ–സ്വകാര്യസ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നേരിട്ട് അയച്ചു കൊടുത്തുവരുന്നു.

ലേബർ ബ്യൂറോയ്ക്കുവേണ്ടി ആലപ്പുഴ, ആലുവാ, മുണ്ടക്കയം എന്നിവിടങ്ങളിൽനിന്ന് 1960 അടിസ്ഥാനവർഷമായുള്ള വില സൂചിക കണക്കാക്കുന്നതിനുള്ള വിലകൾ ശേഖരിച്ചു നൽകിവരുന്നു.

1960 അടിസ്ഥാനവർഷമാക്കി ലേബർ ബ്യൂറോ വ്യാവസായിക തൊഴിലാളികൾക്കുവേണ്ടി പ്രസിദ്ധം ചെയ്യുന്ന ഉപഭോക്തൃവില സൂചികയും 1960–61 അടിസ്ഥാനവർഷമാക്കിയുള്ള കാർഷിക തൊഴിലാളികൾക്കുള്ള ഉപഭോക്തൃവില സൂചികയും ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ, അർദ്ധസർക്കാർ, പൊതു–സ്വകാര്യ മേഖലാസ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്കു അയച്ചുകൊടുത്തുവരുന്നു.

ആരോഗ്യവകുപ്പിന്റെയും, നാട്ടുചികിൽസാ വകുപ്പിന്റെയും, ഹോമിയോ, ജയിൽ, ഇ. എസ്. ഐ., സാമൂഹ്യക്ഷേമം, മൃഗശാല തുടങ്ങിയ വകുപ്പുകളുടെയും ഉപയോഗത്തിനായി ഭക്ഷ്യവസ്തുക്കളുടെയും മററ് അത്യാവശ്യസാധനങ്ങളുടെയും കമ്പോളവില ഈ വർഷവും നാലു ത്രൈമാസികങ്ങളിൽ ശേഖരിച്ച് സർക്കാർ ആശുപത്രികളിലും മററും

സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനുള്ള ദർഘാസുകൾ സംബന്ധിച്ച കരാറുകൾക്ക് അന്തിമരൂപം കൊടുക്കാൻ മേൽ കാണിച്ചിട്ടുള്ള വകുപ്പുകൾക്ക് നൽകുകയുണ്ടായി. ഈ വിലശേഖരണം ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ നാലു ത്രൈമാസികത്തിന്റെയും ആദ്യത്തെ വെള്ളിയാഴ്ച നടത്തപ്പെടുന്നു. പ്രസ്തുത വിവരങ്ങൾ സൂക്ഷ്മപരിശോധനയ്ക്കുശേഷം ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ഇൻറിജീനസ് മെഡിക്കൽ ഓഫീസർ, ആരോഗ്യവകുപ്പു ഡയറക്ടർ, നാട്ടുചികിൽസാ വകുപ്പു ഡയറക്ടർ, മെഡിക്കൽ കോളേജുകൾ, ക്ഷയരോഗാശുപത്രികൾ, ഇ. എസ്. ഐ. ആശുപത്രികൾ, മൃഗ സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കന്നുകാലി–കോഴിവളർത്തൽ കേന്ദ്രങ്ങൾ, കാഴ്ചബംഗ്ലാവ് ഡയറക്ടർ, ജയിൽ ഇൻസ്പെക്ടർ ജനറൽ, പട്ടാളമേധാവികൾ, മാനസികാശുപത്രികൾ തുടങ്ങിയവർക്ക് അയച്ചുകൊടുത്തുവരുന്നു. കൂടാതെ ബന്ധപ്പെട്ട വിവരങ്ങൾ എല്ലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും അവയുടെ ആവശ്യപ്രകാരം നൽകുകയും ചെയ്തുവരുന്നു.

11. വനവിഭവങ്ങളുടെ വില ശേഖരിക്കൽ.—18 ഇനം വനവിഭവങ്ങളുടെ വില കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽനിന്നും മാസംതോറും ശേഖരിച്ച് ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിലേയ്ക്ക് നൽകിവരുന്നു.

12. മാർക്കററ് ഇൻറലിജൻസ് പദ്ധതി.—കമ്പോളവിലനിലവാരം, കമ്പോളവരവ് തുടങ്ങിയവയെപ്പററിയുള്ള വിവരങ്ങൾ പ്രാഥമികോൽപ്പാദകർക്ക് കൃത്യസമയത്ത് നൽകുകയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 38 വ്യാപാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നിലവിലുണ്ട്.

ഈ പദ്ധതിയനുസരിച്ച് വില റിപ്പോർട്ട് ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അതാതു ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും ഡിസ്ട്രിക്ററ് ഓഫീസർമാരും കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള രണ്ടു റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസർമാരും മേൽനോട്ടം വഹിച്ചുവരുന്നു.

ഇടുക്കി, പത്തനംതിട്ട, വയനാട്, കാസർഗോഡ് എന്നിവ ഒഴിച്ചുള്ള എല്ലാ ജില്ലാതലസ്ഥാനങ്ങളിലേയും വിലശേഖരണ പ്രവർത്തനം അതിനുവേണ്ടിമാത്രം നിയമിച്ചിട്ടുള്ള പ്രൈസ് ഇൻസ്പെക്ടർമാർ നിർവഹിച്ചുവരുന്നു. കൂടാതെ ചങ്ങനാശ്ശേരി, കൊച്ചി എന്നീ കേന്ദ്രങ്ങളിൽ പ്രൈസ് ഇൻസ്പെക്ടർമാരാണ് ഈ ജോലി നിർവഹിച്ചുവരുന്നത്. എന്നാൽ കടയ്ക്കൽ, ഇരിഞ്ഞാലക്കുട, കൊടുങ്ങല്ലൂർ, കുന്നംകുളം, വളപട്ടണം എന്നിവിടങ്ങളിൽ 5 ഫുൾടൈം പ്രൈസ് റിപ്പോർട്ടർമാരും ബാക്കി കേന്ദ്രങ്ങളിൽ താൽക്കാലികമായി താലൂക്ക് സ്ററാററിസ്ററിക്കൽ ഓഫീസിലുള്ള ഇൻവെസ്ററിഗേററർമാരും ഈ കൃത്യനിർവഹണത്തിൽ ഏർപ്പെട്ടിരിക്കുന്നു.

തിരുവനന്തപുരം മേഖലയിൽ 27-ം കോഴിക്കോട് മേഖലയിൽ 11-ം കേന്ദ്രങ്ങളിലെ കമ്പോളവിലനിലവാര ബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം, കോഴിക്കോട് നിലയങ്ങളിൽക്കൂടി ഗ്രാമരംഗത്തിലോ കാർഷികരംഗത്തിലോ ഉൾപ്പെടുത്തി പ്രക്ഷേപണം ചെയ്തുവരുന്നു.

13. പ്രതിവാര കമ്പോളനിലവാരാവലോകനം.—തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ കമ്പോളനിലവാരാവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയിലൂടെ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു.

14. അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട്.—എല്ലാ ജില്ലാതലസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ തുറന്ന കമ്പോളവിലയെക്കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിനും സംസ്ഥാന റവന്യു ബോർഡിലെ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചുവരുന്നു. ഇതുകൂടാതെ പാലക്കാട്ട് കേന്ദ്രത്തിലെ അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിവാര റിപ്പോർട്ട് തയ്യാറാക്കി റിസർവ് ബാങ്കിന് നൽകിവരുന്നു. ഇവയ്ക്കെല്ലാമുപരിയായി ഈ പദ്ധതി അനുസരിച്ച് മൊത്തവിലയെ സംബന്ധിക്കുന്ന പല വിവരങ്ങളും കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾക്ക് അവയുടെ ആവശ്യാനുസരണം ലഭ്യമാക്കിവരുന്നു.

15. ഇൻഡക്സ് സീരീസ് വിഭാഗം.—ഈ വിഭാഗം താഴെ പറയുന്ന സൂചികകൾ തയ്യാറാക്കിവരുന്നു:—

(1) കാർഷികോൽപന്നങ്ങളുടെ മൊത്തവില സൂചിക.—പ്രധാനപ്പെട്ട 17 കാർഷികോൽപ്പന്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽ നിന്ന് ശേഖരിക്കുന്ന മൊത്തവിലയെ അടിസ്ഥാനമാക്കി ഈ സൂചിക തയ്യാറാക്കിവരുന്നു. 1952–53 അടിസ്ഥാന വർഷമായി സ്വീകരിച്ചാണ് മാസംതോറും ഈ മൊത്തവില സൂചിക തയ്യാറാക്കിവരുന്നത്.

(2) കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടി വരുന്ന ചെലവുകളും തമ്മിലുള്ള താരതമ്യപഠന സൂചിക.—അടിസ്ഥാന വർഷമായി സ്വീകരിച്ചിട്ടുള്ള 1952–53 കാലഘട്ടത്തിലെ കർഷകരുടെ സാമ്പത്തിക നില, കാർഷികോൽപന്നങ്ങളുടെ വില, അവയ്ക്കുവേണ്ടിവരുന്ന ചെലവുകൾ, ഗാർഹിക ചെലവുകൾ എന്നിവ കണക്കാക്കി അവയും കർഷകരുടെ ഇപ്പോഴത്തെ സാമ്പത്തിക നിലയും തമ്മിലുള്ള താരതമ്യം ഈ സൂചിക കാണിക്കുന്നു. ഇതും ഒരു പ്രതിമാസ സൂചികയാണ്.

(3) കാർഷികവേതന സൂചിക.—സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിവിധ കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കപ്പെട്ടിട്ടുള്ള കാർഷിക വേതനത്തിൻെറ കണക്ക് ഇൻഡ്യാ ഗവൺമെൻറിൻെറ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് അഡ്വൈസർക്കു അയച്ചുകൊടുക്കുകയും അതോടൊപ്പം തന്നെ കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നു. കാർഷിക തൊഴിലാളികളുടെയും വിദഗ്ദ്ധ തൊഴിലാളികളുടെയും പ്രതിമാസ വേതന സൂചിക 1952–53 അടിസ്ഥാന വർഷമായി സ്വീകരിച്ച് കൃത്യമായി തയ്യാറാക്കി ഇൻഡ്യാ ഗവൺമെൻറിന് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

ഇവയ്ക്കെല്ലാം പുറമെ താഴെ പറയുന്ന ജോലികൾകൂടി ഈ വിഭാഗം നിർവഹിച്ചുവരുന്നു:

1. തൊണ്ടോടുകൂടിയ നാളികേരത്തിൻെറ ദ്വൈവാരിക തോട്ടവില ശേഖരിച്ച് എറണാകുളത്തുള്ള നാളികേര വികസന ബോർഡ് ചെയർമാന് അയച്ചുവരുന്നു.

2. 9 കാർഷിക വിഭവങ്ങളുടെ വാർഷിക ശരാശരിവില തിട്ടപ്പെടുത്തി ന്യൂഡൽഹിയിലുള്ള എക്കണോമിക്സ് ആൻറ് സ്റ്റാററിസ്റ്റിക്കൽ അഡൈ്വസർക്ക് അയച്ചുകൊണ്ടിരിക്കുന്നു.

3. കയറിൻെറയും തൊണ്ടിൻെറയും പ്രതിവാരവില തയ്യാറാക്കി എറണാകുളത്തുള്ള കയർ ബോർഡ് സെക്രട്ടറിയെ അറിയിച്ചുവരുന്നു.

4. കയറിൻെറതന്നെ പ്രതിമാസ വിലനിലവാരം കേരളാ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെൻറ് പ്രസ്സിലേയ്ക്കും നൽകിവരുന്നു.

5. കാർഷിക വിഭവങ്ങളുടെ വിലവിവരങ്ങൾ ആവശ്യപ്രകാരം പൊതുജനങ്ങൾക്കു നൽകിവരുന്നു.

6. കേന്ദ്രസർക്കാരിൻെറ കേന്ദ്ര വ്യവസായ മന്ത്രാലയത്തിലെ എക്കണോമിക്സ് അഡൈ്വസർ പ്രസിദ്ധം ചെയ്തുവരുന്ന 1970–71 അടിസ്ഥാന വർഷമായുള്ള മൊത്തവില സൂചിക (എല്ലാ സാധനങ്ങളുടെയും) ആവശ്യപ്പെടുന്നതനുസരിച്ച് സർക്കാർ, അർദ്ധ സർക്കാർ, പൊതു–സ്വകാര്യ മേഖലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കരാറുകൾക്കും നൽകിവരുന്നു.

7. ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ കേന്ദ്രങ്ങളിൽ നിന്നും ദിവസേനയുള്ള വെളിച്ചെണ്ണയുടെ മൊത്തവിലയും ചില്ലറ വിലയും പ്രതിമാസ സ്റ്റേററ്മെൻറാക്കി കൃഷിവകുപ്പ് സെക്രട്ടറിക്ക് അയച്ചുവരുന്നു.

16. കാർഷിക വിഭവങ്ങളുടെ ചില്ലറവില.—സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറവില ശേഖരിച്ച് ഏകീകരിച്ച് കേരളാ ഗസററിൽ 1975 നവംബർ മുതൽ പ്രസിദ്ധപ്പെടുത്തിവരുന്നത് തുടർന്നുവരുന്നു.

17. സംസ്ഥാന വരുമാനം നിർണ്ണയിക്കൽ.—കേരള സംസ്ഥാനത്തിൻെറ വിവിധ മേഖലകളിലെ വരുമാനം, വിവിധ തലങ്ങളിൽ ശേഖരിച്ച് സംസ്ഥാന വരുമാനം നിർണ്ണയിക്കുകയാണ് ഈ വിഭാഗത്തിൻെറ മുഖ്യമായ പ്രവർത്തനം. സംസ്ഥാന തലത്തിലും ജില്ലാതലത്തിലുമുള്ള ആകെ വരുമാന നിർണ്ണയത്തിന് പുറമെ ആളോഹരി വരുമാനവും കണക്കാക്കി വരുന്നു.

1986–87 വർഷത്തിൽ 1980–81 മുതൽ 1984–85 വരെയുള്ള വരുമാനക്കണക്കുകൾ കൂടുതലായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണയം ചെയ്തു. 1980–81 മുതൽ 1984–85 വരെയുള്ള വാർഷിക വരുമാനവും, ആളോഹരി വിഹിതവും ജില്ലാടിസ്ഥാനത്തിലും പുതുക്കുകയുണ്ടായി. 1985–86-ലെ വാർഷിക വരുമാനത്തിൻെറയും, ആളോഹരി വിഹിതത്തിൻെറയും ശീഘ്രമായ കണക്കും (ക്വിക്ക് എസ്റ്റിമേറ്റ്) തയ്യാറാക്കിയിട്ടുണ്ട്.

ഇതിനുപുറമെ 1980–81 മുതൽ 1985–86 വരെയുള്ള സംസ്ഥാനത്തിൻെറ ആകെ വരുമാനവും ആളോഹരി വരുമാനവും തനതു വർഷ വിലകളിലും 1970–71 വർഷത്തെ അടിസ്ഥാന വിലയുമായി പുനർനിർണ്ണയം ചെയ്ത് ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തി.

ഇതിനു പുറമെ റീജിയണൽ അക്കൗണ്ട്സിനും, പൊതുമേഖലയിലെ ക്യാപ്പിററൽ ഫോർമേഷനും ആവശ്യമായ പട്ടികകരം തയ്യാറാക്കിവരുന്നു. ഇതിലേക്കായി സ്വയംഭരണ സ്ഥാപനങ്ങളിലേയും ഗവൺമെൻറ് ഉടമയിലുള്ള കമ്പനികളിലെയും വാർഷിക കണക്കുകരം വിശകലനം ചെയ്തു വരുന്നുണ്ട്. കേരള സർക്കാരിൻെറ 1980–81 മുതൽ 1984–85 വരെയുള്ള വാർഷിക ബഡ്ജററ് വിശദമായി വിശകലനം നടത്തിയതിൻെറ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

1980–81 മുതൽ 1985–86 വരെയുള്ള വാർഷിക വരുമാനവും ആളോഹരി വരുമാനവും ചുവടെ ചേർത്തിരിക്കുന്നു:

1980–81 മുതൽ 1985–86 വരെയുള്ള വാർഷിക വരുമാനവും ആളോഹരി വരുമാനവും ഉരംപ്പെട്ട പട്ടിക

| വർഷം | തനതുവർഷവിലകളിൽ | | 1970–71 വിലകളിൽ | |
|---|---|---|---|---|
| | മൊത്തവരുമാനം (ലക്ഷം രൂപയിൽ) | ആളോഹരി വരുമാനം (രൂപയിൽ) | മൊത്തവരുമാനം (ലക്ഷം രൂപയിൽ) | ആളോഹരി വരുമാനം (രൂപയിൽ) |
| (1) | (2) | (3) | (4) | (5) |
| 1980–81 | 3,48,540 | 1,377 | 1,55,698 | 615 |
| 1981–82 | 3,71,218 | 1,444 | 1,61,563 | 628 |
| 1982–83 | 4,27,394 | 1,633 | 1,60,153 | 612 |
| 1983–84 | 5,06,728 | 1,901 | 1,57,179 | 590 |
| 1984–85 | 5,63,721 | 2,076 | 1,64,961 | 607 |
| 1985–86 | 6,32,213 | 2,287 | 1,69,809 | 614 |

18. ജനന–മരണ സ്ഥിതി വിവരം ശേഖരിക്കൽ.—ഈ ഡയറക്ടറേറ്റിലെ ജനന–മരണ സ്ഥിതിവിവരക്കണക്ക് വിഭാഗം സംസ്ഥാനത്തൊട്ടാകെയുള്ള ജനന–മരണ സ്ഥിതി വിവരങ്ങരം ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പതിവ് ഈ വർഷവും തുടരുന്നു. സിവിൽ രജിസ്ട്രേഷൻ, മോഡൽ രജിസ്ട്രേഷൻ, പട്ടണപ്രദേശത്തെ സ്ഥിരതാമസക്കാരുടെ ജനന–മരണ നിരക്കിൻമേലുള്ള പഠനം, മരണ കാരണങ്ങരം വ്യക്തമാക്കുന്നതിന് മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠനം എന്നീ സംഗതികളാണ് നടപ്പു വർഷത്തിലും തുടർന്നുകൊണ്ടിരുന്നത്. ജനന–മരണ നിരക്കും മരണകാരണങ്ങളും കൂടി അറിയുന്നതിനുവേണ്ടിയാണ് ഈ പദ്ധതികരം നടത്തുന്നത്.

(1) സിവിൽ രജിസ്ട്രേഷൻ.—1969-ലെ ജനന–മരണ രജിസ്ട്രേഷൻ ആക്ററ് അനുസരിച്ച് പഞ്ചായത്ത്, മുനിസിപ്പാലിററി, കോർപ്പറേഷൻ ആഫീസുകളിൽ നിയമിച്ചിട്ടുള്ള രജിസ്ട്രാർമാർ ജനന–മരണങ്ങരം രജിസ്ററർ ചെയ്യുന്നു. ജനന–മരണവിവരങ്ങരം ഉരംക്കൊള്ളിച്ച് ഒരു റിപ്പോർട്ട് മാസംതോറും രജിസ്ട്രാർ ജനറലിന് അയയ്ക്കുന്നുണ്ട്. 1980 മുതൽ 1982 വരെയുള്ള വർഷങ്ങളിൽ രജിസ്ററർ ചെയ്തിട്ടുള്ള ജനന–മരണങ്ങളുടെ നിരക്കുകരം താഴെ കൊടുക്കുന്നു:

| | 1980 | | 1981 | | 1982 | |
|---|---|---|---|---|---|---|
| | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് |
| സംസ്ഥാനമൊത്തം | 21·64 | 4·80 | 21·64 | 4·84 | 21·48 | 4·59 |
| പട്ടണപ്രദേശം | 60·12 | 9·87 | 59·59 | 10·26 | 62·30 | 10·33 |
| ഗ്രാമപ്രദേശം | 15·67 | 4·01 | 15·91 | 4·02 | 15·36 | 3·73 |

1986 സമ്പൂർണ്ണ ജനന–മരണ രജിസ്ട്രേഷൻ വർഷമായി ആചരിക്കുന്നതിൻെറ ഭാഗമായി സംഘടിപ്പിച്ചിട്ടുള്ള മീററിംഗുകളിലും സെമിനാറുകളിലും ഈ ഓഫീസിലെ ഉദ്യോഗസ്ഥൻമാർ സജീവമായി പങ്കെടുത്തിട്ടുണ്ട്.

(2) <u>മോഡൽ രജിസ്ട്രേഷൻ—മരണ കാരണത്തെ സംബന്ധിച്ച സർവേ.</u>—ഗ്രാമപ്രദേശങ്ങളിൽ ഉണ്ടാകുന്ന മരണങ്ങളും മരണകാരണങ്ങളും ശേഖരിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ പദ്ധതി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി തെരഞ്ഞെടുക്കപ്പെട്ട നാൽപത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലെ പാരാമെഡിക്കൽ ഉദ്യോഗസ്ഥൻമാർ പ്രാഥമിക വിവരങ്ങൾ ശേഖരിച്ച് മെഡിക്കൽ ഓഫീസറുടെ പരിശോധനയ്ക്കുശേഷം മാസാന്ത്യ റിപ്പോർട്ടും അർദ്ധ വാർഷിക റിപ്പോർട്ടും അയച്ചുവരുന്നു. പ്രസ്തുത റിപ്പോർട്ടുകൾ വേണ്ട പരിശോധനയ്ക്കും ക്രമീകരണത്തിനുംശേഷം കേന്ദ്ര രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുന്നു. 1985-ാമാണ്ടത്തെ മാസാന്ത്യ റിപ്പോർട്ടുകളും വാർഷിക റിപ്പോർട്ടുകളും തയ്യാറാക്കി കേന്ദ്രഗവൺമെൻറിന് അയച്ചു കൊടുത്തിട്ടുണ്ട്.

പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ സന്ദർശിച്ച് സർവേ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതിനും കേന്ദ്ര ഗവൺമെൻറിൽനിന്നും നിയമിച്ചിട്ടുള്ള സൂപ്പർവൈസർ തസ്തിക ഇപ്പോഴും തുടരുന്നു. ഈ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർ സർവേ നടത്താൻ ബന്ധപ്പെട്ട മററു പാരാമെഡിക്കൽ സ്ററാഫ് എന്നിവർക്കു വേണ്ട ട്രെയിനിംഗ് സൂപ്പർവൈസറും ഈ ആഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും കൂടി നൽകിയിട്ടുണ്ട്.

